LIBRARY ARCHIVES Kerala Legislative Assembly

7. മേളയ്ക്ക് ചിത്രങ്ങൾ തെരഞ്ഞെടുക്കുന്നതും ഉദ്ഘാടന ചിത്രം തീരുമാനം നിശ്ചയിക്കുന്നതും വിദഗ്ധ സമിതി അംഗീകരിച്ചതിനു ശേഷമായിരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പിലാക്കി.

8. മേള തുടങ്ങുന്നതിനു മുമ്പേ ഫെസ്റ്റിവൽ കാറ്റലോഗ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകി.

9. മത്സരചിത്രങ്ങൾ കൂടുതൽ സീറ്റുകളുള്ള തീയേറ്ററുകളിൽ പ്രദർശിപ്പിക്കണമെന്ന വിദഗ്ധ സമിതി നിർദ്ദേശം നടപ്പിലാക്കി.

10. ഉദ്ഘാടന സമാപന ചടങ്ങുകൾ ലളിതമായ രീതിയിൽ പരമാവധി ചെലവ് കുറച്ച് നടത്തുവാൻ കഴിഞ്ഞു.

11. ഫെസ്റ്റിവൽ ബുള്ളറ്റിൻ നിലവാരമുള്ള നിലയിൽ പ്രസിദ്ധീകരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പിലാക്കി.

12. സമിതി തീരുമാനം അനുസരിച്ച് അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ മാർക്കറ്റിംഗ് വിഭാഗം ആരംഭിക്കുകയും തെരഞ്ഞെടുക്കപ്പെട്ട 18 മലയാള ചിത്രങ്ങൾ ഫിലിം മാർക്കറ്റിംഗിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര ജൂറിയെ നിയോഗിച്ച് വിലയിരുത്തി അതിൽ നിന്നും 4 ചിത്രങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തു.

ഒറ്റപ്പാലം ഫിലിം സിറ്റി നിർമ്മാണ പുരോഗതി

313 (317) ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഒറ്റപ്പാലത്ത് ഫിലിംസിറ്റി നിർമ്മാണത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം ധനകാര്യ വകുപ്പുമന്ത്രിമാരാണ് പ്രഖ്യാപനങ്ങൾ നടത്തിയത് ; ഓരോ ധനമന്ത്രിയും എത്ര തുക വീതമാണ് നീക്കിവെച്ചത് ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക കെ.എസ്.എഫ്.ഡി.സി.-ക്ക് കൈമാറുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഫിലിം സിറ്റി നിർമ്മാണത്തിന് കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതിയുടെ സ്ഥലം അനുവദിക്കുന്നതിന് മന്ത്രിസഭാ തീരുമാനം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഉണ്ടായിട്ടുള്ളത് ;

(ഇ) കെ.എസ്.എഫ്.ഡി.സി.-ക്ക് സ്ഥലം കൈമാറ്റം ചെയ്യുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയോ ;

(എഫ്) ഫിലിം സിറ്റി നിർമ്മാണത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് ; ഒറ്റപ്പാലം ഫിലിം സിറ്റിയ്ക്കായി മുഖ്യമന്ത്രി മുൻകൈ എടുത്ത എത്ര യോഗങ്ങൾ നടത്തി ; സിനിമാ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാർ എത്ര യോഗങ്ങൾ നടത്തി ; യോഗ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; എം.എൽ.എ.-യുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും നീക്കിവെച്ച തുക കെ.എസ്.എഫ്.ഡി.സി.-ക്ക് കൈമാറുന്നതിനായുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻ ധനമന്ത്രി ശ്രീ. തോമസ് ഐസക് 2011-12 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2012-13 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഒരു കോടി രൂപ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി വകയിരുത്തി.

(സി) ഒറ്റപ്പാലത്ത് ഫിലിംസിറ്റി സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ പ്രഖ്യാപിച്ച സമയത്ത് തുക കൈമാറുന്നതിന് സാധിച്ചില്ല. തുടർന്ന് ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 3 ഏക്കർ 3 സെന്റ് ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി ഫിലിംസിറ്റി നിർമ്മാണത്തിനായി കെ.എസ്.എഫ്.ഡി.സി.-ക്ക് നൽകി 4-7-2014-ൽ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പുതുക്കിയ പ്രോജക്ട് പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിക്കുവാൻ കെ.എസ്.എഫ്.ഡി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. 18-6-2014-ലെ മന്ത്രിസഭാ യോഗത്തിൽ.

(ഇ) റവന്യൂ വകുപ്പിൽ നിന്നും പാട്ടവ്യവസ്ഥയിൽ കെ.എസ്.എഫ്.ഡി.സി.-ക്ക് അനുവദിച്ച ഭൂമി കൈമാറ്റത്തിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-12-2012, 13-6-2013 തീയതികളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ഫിലിം സിറ്റി നിർമ്മാണം തത്വത്തിൽ അംഗീകരിച്ചു. സിനിമാ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26-12-2014-ലും 9-7-2014-ലും 3-6-2015-ലും യോഗം ചേർന്നു. യോഗ തീരുമാനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* എം.എൽ.എ.-യുടെ ഫണ്ടിൽ നിന്നും ഫിലിംസിറ്റി സ്ഥാപിക്കുന്നതിന് അനുവദിച്ച തുക കെ.എസ്.എഫ്.ഡി.സി.-ക്ക് കൈമാറുന്നതിന് വിശദമായ പ്രോജക്ട് ലഭ്യമാക്കാൻ 3-6-2015-ൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly